# പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3787 — 25.06.2013-ൽ മറുപടിക്ക്

ചോദ്യം — ഉത്തരം

ശ്രീ. വി.ശശി

ശ്രീ. കെ. എം. മാണി
ധനകാര്യവും നിയമവും
ഭവന നിർമ്മാണവും വകുപ്പുമന്ത്രി

**ബജറ്റ് പ്രസംഗങ്ങളിൽ പ്രഖ്യാപിച്ച പദ്ധതികൾ**

| | | |
|---|---|---|
| (എ) | 2011-12, 2012-13 വർഷങ്ങളിലെ ബജറ്റ് പ്രസംഗങ്ങളിലെ പ്രഖ്യാപനങ്ങളിൽ നടപ്പാക്കിയത് /നടപ്പാക്കാത്തത് എന്നിങ്ങനെ വകുപ്പ് തിരിച്ച് ലഭ്യമാക്കുമോ; | 2011-12, 2012-13 ബഡ്ജറ്റുകളിലൂടെ നിരവധി പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ട്. വിവിധ ഭരണവകുപ്പുകൾ മുഖേനയാണ് ഈ പദ്ധതികളുടെ നിർവ്വഹണം നടപ്പിലാക്കുന്നത്. ഭരണവകുപ്പുകളിൽ നിന്ന് ലഭ്യമായിക്കൊണ്ടിരിക്കുന്ന വിവരങ്ങൾ പ്രകാരം പ്രഖ്യാപിച്ച മിക്ക പദ്ധതികൾക്കും ഭരണാനുമതി നൽകുകയും അവയുടെ നിർവ്വഹണം വിവിധ ഘട്ടങ്ങളിൽ പുരോഗമിച്ചു വരികയുമാണ്. നിർവ്വഹണം ആരംഭിച്ച പദ്ധതികളിൽ പലതും നിശ്ചിത സമയപരിധിയ്ക്കുശേഷം മാത്രമേ പൂർത്തീകരിക്കുവാൻ കഴിയുകയുള്ളു. എന്നാൽ ചില സാങ്കേതിക കാരണങ്ങൾ കൊണ്ട് ചുരുക്കം ചില പദ്ധതികൾ ഇനിയും ആരംഭിക്കുവാൻ കഴിഞ്ഞിട്ടില്ല. ഈ പദ്ധതികളും നടപ്പിലാക്കാൻ വേണ്ടിയുള്ള ശ്രമങ്ങൾ നടന്നുവരികയാണ്. ഭരണവകുപ്പുകളിൽ നിന്നും ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ ഇതിനകംതന്നെ നടപ്പിലാക്കാൻ സാധിച്ച സുപ്രധാന പദ്ധതികളുടെയും ഇതുവരെ ഭരണാനുമതി പുറപ്പെടുവിക്കാത്തതോ നിർവ്വഹണം ആരംഭിക്കാൻ കഴിയാത്തതോ ആയ പദ്ധതികളുടെയും വിവരങ്ങൾ അടങ്ങുന്ന പട്ടികകൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | 2011-12, 2012-13 വർഷങ്ങളിലെ ബജറ്റ് പ്രഖ്യാപനങ്ങളിൽ പൂർത്തീകരിച്ചത് / പൂർത്തീകരിക്കാത്തതുമായവയെ സംബന്ധിച്ച് വകുപ്പ് തിരിച്ച് വിവരങ്ങൾ ലഭ്യമാക്കുമോ? | |

സെക്ഷൻ ഓഫീസർ

## <u>അനുബന്ധം - I</u>

## 2011-12, 2012-13 വർഷങ്ങളിലെ ബഡ്ജറ്റ് നിർദ്ദേശങ്ങളിൽ നടപ്പിലാക്കാൻ അവശേഷിക്കുന്നവ

| |
|---|
| മലബാർ സിമൻറ്സുമായി സഹകരിച്ച് പ്ളാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റ് - വ്യവസായ വകുപ്പ് |
| തൃശൂരിൽ പുതിയ മൊബിലിറ്റി ഹബ്ബ് , അന്തർ ദേശീയ അംഗീകാരമുള്ള ഏജൻസികളുടെ സഹായത്തോടുകൂടി പ്രധാന പട്ടണങ്ങളിൽ സമഗ്ര വികസന പദ്ധതി.- നഗരകാര്യ വകുപ്പ് |
| തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടേയും കെട്ടിടനിർമ്മാതാക്കളുടേയും സഹകരണത്തോടെ ഒരു പ്രത്യേക നഗര അഗ്നി സുരക്ഷാ പദ്ധതി, സൈബർ ഫോറൻസിക് ലാബ് , അതിസങ്കീർണ്ണവും വ്യാപ്തി ആവശ്യമുള്ളതുമായ കേസുകളിൽ അന്വേഷണം നടത്തുന്നതിന് പുതുതായി ഒരു സംസ്ഥാന അന്വേഷണ വിഭാഗം രൂപീകരിക്കൽ - ആഭ്യന്തര വകുപ്പ് |
| കോഴിക്കോട് അന്താരാഷ്ട്ര നിലവാരത്തിൽ സ്പോർട്സ് സ്റ്റേഡിയം, പുല്ലൂരാംപാറയിൽ ഒരു സ്പോർട്സ് അക്കാഡമി, ഇടുക്കിയിലെ പൈനാവിൽ സ്റ്റേഡിയവും സൈക്കിൾ വെലോഡ്രോമും - കായിക യുവജന ക്ഷേമ വകുപ്പ് |
| ഇടുക്കി ജില്ലയിൽ ചിൽഡ്രൻസ് ഹോം ആരംഭിക്കൽ - സാമൂഹ്യ നീതി വകുപ്പ് |
| കോട്ടയം, വയനാട് എന്നിവിടങ്ങളിൽ വാണിജ്യ നികുതി കോംപ്ളക്സ്, വഴിക്കടവ് , മുത്തങ്ങ, ആര്യൻകാവ് എന്നിവിടങ്ങളിൽ സംയോജിത ചെക്ക്പോസ്റ്റ്, ചെക്ക് പോസ്റ്റ് നവീകരണം തുടങ്ങിയവ - നികുതി വകുപ്പ് |
| തീർത്ഥാടന ടൂറിസം സർക്യൂട്ട് പ്രോജക്ട്, കോട്ടയം ജില്ലയിലെ സമഗ്ര ടൂറിസം സർക്യൂട്ട് പ്രോജക്ട് , തണ്ണീർത്തടം പക്ഷി സങ്കേതമായി വികസിപ്പിക്കൽ, ഹരിപ്പാട് പിൽഗ്രിം ടൂറിസം പദ്ധതി, ടൂറിസം പ്രോമോഷൻ ബോർഡ് (പി.പി.പി. മോഡ്) - വിനോദ സഞ്ചാര വകുപ്പ് |
| നോർക്ക ബിസിനസ്സ് സെൻറർ പ്രോജക്ട് - പ്രവാസി കാര്യ വകുപ്പ് |
| ശതാബ്ദി ആഘോഷിക്കുന്ന ഗവ. സ്കൂളുകൾക്ക് പ്രത്യേക സഹായം, എല്ലാ സ്കൂളുകളുടെയും അന്തർദേശീയ നിലവാരത്തിലുള്ള ആധുനികവൽക്കരണം, ഓരോ സ്കൂളിലും ഓരോ സ്മാർട്ട് ക്ളാസ് മുറി - വിദ്യാഭ്യാസ വകുപ്പ് |
| സ്വയം പര്യാപ്ത ഗ്രാമങ്ങളിൽ ഒരു കോടി രൂപ വരെ ചെലവഴിക്കുന്നത് - ഗ്രാമ വികസന വകുപ്പ് |
| സാങ്കേതിക സർവ്വകലാശാല - ഉന്നത വിദ്യാഭ്യാസ വകുപ്പ് |
| കുട്ടനാട് കാർഷിക ഗവേഷണ കേന്ദ്രം, കാർഷിക സൂപ്പർ മാർക്കറ്റ് , നാളികേര ചങ്ങാതികൂട്ടം- കൃഷി വകുപ്പ് |
| എടപ്പാളിൽ ഡ്രൈവർ പരിശീലന കേന്ദ്രം - ഗതാഗത വകുപ്പ് |
| ആലപ്പുഴ കൊല്ലം ബൈപ്പാസ് നിർമ്മാണം - പൊതുമരാമത്ത് വകുപ്പ് |
| മുതലപ്പൊഴി, തലായ്, ചേറ്റുവ, ചെറുവത്തൂർ മത്സ്യബന്ധന തുറമുഖങ്ങളുടെ പണി പൂർത്തിയാക്കൽ, വല നിർമ്മാണ ഫാക്ടറി, കോൾഡ് ചെയിൻ, ഫിഷ് കിയോസ്കുകൾ- മത്സ്യബന്ധനവും തുറമുഖവും വകുപ്പ് |
| മാതൃക കയർഗ്രാമം പദ്ധതി , - കയർ വകുപ്പ് |
| വിവിധ ജില്ലകളിൽ പുതിയ ഹോമിയോ ആശുപത്രികൾ, ആറളത്ത് ഹോമിയോ ആശുപത്രി - ആരോഗ്യ കുടുംബ ക്ഷേമ വകുപ്പ് |
| [illegible] ഗ്രാമം - കൈത്തറി വകുപ്പ് |
| ജനശ്രീ ബീമാ യോജന - തൊഴിൽ വകുപ്പ് |

സെക്ഷൻ ഓഫീസർ

## അനുബന്ധം – II
## 2011–12, 2012–13 വർഷങ്ങളിലെ ബഡ്ജറ്റ് നിർദ്ദേശങ്ങളിൽ നടപ്പിലാക്കിയ സുപ്രധാന പദ്ധതികൾ

| |
|---|
| കാരുണ്യ സമാശ്വാസ പദ്ധതി – ആരോഗ്യ വകുപ്പ് |
| സ്വയം സംരംഭക മിഷൻ – വ്യവസായ വകുപ്പ് |
| തിരൂരിൽ മലയാള സർവ്വകലാശാല – വിദ്യാഭ്യാസ വകുപ്പ് |
| സീ പ്ളെയിൻ പദ്ധതി – ട്രാൻസ്പോർട്ട് വകുപ്പ് |
| തിരുവനന്തപുരം, കോഴിക്കോട് മോണോ റെയിൽ പദ്ധതി -- ട്രാൻസ്പോർട്ട് വകുപ്പ് |
| കൊച്ചി മെട്രോ റെയിൽ പദ്ധതി നിർമ്മാണ പ്രവർത്തി ആരംഭിച്ചു.-- ട്രാൻസ്പോർട്ട് വകുപ്പ് |
| എൻഡോ സൾഫാൻ പാക്കേജ് – ആരോഗ്യ വകുപ്പ് |
| കാസർകോഡ് പാക്കേജ്– കൃഷി വകുപ്പ് |
| സുവോളജിക്കൽ പാർക്ക്, തൃശൂർ – വനം വകുപ്പ് |
| എമർജിംഗ് കേരള – വ്യവസായ വകുപ്പ് |
| സ്റ്റാർട്ട് അപ് വില്ലേജ് – കളമശ്ശേരി കിൻഫ്രാ പാർക്ക്– വ്യവസായ വകുപ്പ് |
| എം.എൽ.എ. മാരുടെ ആസ്തി വികസന ഫണ്ട് – പൊതുമരാമത്ത്, ജലവിഭവ വകുപ്പ് |
| ക്ഷേമ പെൻഷനുകൾ വർദ്ധിപ്പിച്ചു– സാമൂഹ്യ നീതി വകുപ്പ് |
| ചെറുകിട നാമമാത്ര കർഷകർക്ക് പെൻഷൻ – കൃഷി വകുപ്പ് |
| ഭൂരഹിതരില്ലാത്ത കേരളം – റവന്യൂ വകുപ്പ് |
| കാലിത്തീറ്റ വിതരണ പദ്ധതിക്ക് ഉയർന്ന നിരക്കിലുളള സബ്സിഡി – കൃഷി വകുപ്പ് |
| തിരുവനന്തപുരവും എറണാകുളവും നോക്കുകൂലി വിമുക്ത ജില്ലകൾ ആക്കി. – തൊഴിൽ വകുപ്പ് |
| എംപ്ളോയ്മെൻറ് എക്സേഞ്ചുകളെ എംപ്ളോയ്ബിലിറ്റി സെൻററുകളാക്കി. –തൊഴിൽ വകുപ്പ് |
| ചവറയിൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ചർ ആൻറ് കൺസ്ട്രക്ഷൻ സ്ഥാപിച്ചു.– തൊഴിൽ വകുപ്പ് |
| ഒരു രൂപ നിരക്കിൽ അരി വിതരണം– ഭക്ഷ്യ വകുപ്പ് |
| മാവേലി സ്റ്റോറുകളുടെയും സൂപ്പർ മാർക്കറ്റുകളുടെയും എണ്ണം വർദ്ധിപ്പിച്ചു. – ഭക്ഷ്യ വകുപ്പ് |
| കുടുംബാംഗങ്ങൾ തമ്മിലുളള ഭാഗാധാരം, ദാനം, ധനനിശ്ചയം എന്നിവയുടെ മുദ്ര വില 1000 രൂപയായി കുറച്ചു. – റജിസ്ട്രേഷൻ |

| |
|---|
| വിശ്വ മലയാള മഹോത്സവം, പ്രവാസി ഭാരതി ദിവസ് എന്നിവ സംഘടിപ്പിച്ചു. –നോർക്ക വകുപ്പ് |
| എടപ്പാളിൽ ഡ്രൈവിംഗ് റിസർച്ച് സെൻറർ ഇൻസ്റ്റിറ്റ്യൂട്ടിൻെറ പണി പൂർത്തിയായി വരുന്നു.–ടാൻസ്പോർട്ട് വകുപ്പ് |
| ഇന്ദിര ആവാസ് യോജനപ്രകാരം വീട് നിർമ്മിക്കാനുള്ള സാമ്പത്തിക സഹായം 75,000 രൂപയിൽ നിന്ന് 2.5 ലക്ഷം രൂപയായി വർദ്ധിപ്പിച്ചു. – ഗ്രാമവികസന വകുപ്പ് |
| പൈതൃക മ്യൂസിയങ്ങളുടെ നിർമ്മാണം ആരംഭിച്ചു – സാംസ്കാരിക വകുപ്പ് |
| സാന്ത്വനം പദ്ധതി അനുസരിച്ചുള്ള ധനസഹായം വർദ്ധിപ്പിച്ചു.– സാമൂഹ്യ നീതി വകുപ്പ് |
| ആയമാർക്കും ടീച്ചർമാർക്കും ഓണറേറിയം വർദ്ധിപ്പിച്ചു.– സാമൂഹ്യ നീതി വകുപ്പ് |
| സ്വയം പര്യാപ്ത ഗ്രാമ പദ്ധതിക്ക് തുടക്കം കുറിച്ചു. –ഗ്രാമവികസന വകുപ്പ് |
| കരമന – കളിയിക്കാവിള റോഡ് വികസനത്തിനുള്ള ഭൂമി ഏറ്റെടുക്കലിനുള്ള നഷ്ടപരിഹാര തുക നൽകുന്നതിനുള്ള നടപടി ആരംഭിച്ചു. – പൊതുമരാമത്ത് വകുപ്പ് |
| ജലനിധി രണ്ടാം ഘട്ടം ആരംഭിച്ചു. – ജലവിഭവ വകുപ്പ് |
| കെ.എസ്.ടി.പി. രണ്ടാം ഘട്ടം ആരംഭിച്ചു.–പൊതുമരാമത്ത് വകുപ്പ് |
| സാംസ്കാരിക സ്ഥാപനങ്ങൾക്ക് വർദ്ധിപ്പിച്ച നിരക്കിൽ ഗ്രാൻറ് നൽകി– സാംസ്കാരിക വകുപ്പ് |
| നിർഭയ പദ്ധതി ആരംഭിച്ചു. – സാമൂഹ്യ നീതി വകുപ്പ് |
| ചൈൽഡ് റൈറ്റ്സ് കമ്മിഷൻ രൂപീകരിച്ചു.– സാമൂഹ്യ നീതി വകുപ്പ് |
| കോക്ലിയർ ഇംപ്ളാൻേഷൻ പദ്ധതി– സാമൂഹ്യ നീതി വകുപ്പ് |
| വയോമിത്രം പദ്ധതി– സാമൂഹ്യ നീതി വകുപ്പ് |
| ജനമൈത്രി സംവിധാനം കൂടുതൽ പോലീസ് സ്റ്റേഷനുകളിൽ ആരംഭിച്ചു.– ആഭ്യന്തര വകുപ്പ് |
| സ്റ്റുഡൻറ്സ് പോലീസ് കേഡറ്റ് പ്രോജക്ട് ആരംഭിച്ചു. –ആഭ്യന്തര വകുപ്പ് |
| സൈബർ കുറ്റകൃത്യങ്ങൾക്കെതിരെ വിവിധമായ സാമൂഹ്യ ബോധവത്കരണ പദ്ധതി–ആഭ്യന്തര വകുപ്പ് |
| ജയിലുകളിൽ സി.സി.റ്റി.വി സംവിധാനം ഏർപ്പെടുത്തി, എഫ്.എം. റേഡിയോ സംവിധാനം ഏർപ്പെടുത്തി. –ആഭ്യന്തര വകുപ്പ് |
| മുന്നോക്ക വികസന കോർപ്പറേഷൻ രൂപീകരിച്ചു. – സാമൂഹ്യ നീതി വകുപ്പ് |
| പിന്നോക്ക വികസന കോർപ്പറേഷന് സാമ്പത്തിക സഹായം – സാമൂഹ്യ നീതി വകുപ്പ് |

| |
|---|
| മൊയിൻകുട്ടി വൈദ്യർ സ്മാരകത്തിന് വാർഷിക ഗ്രാൻറ് വർദ്ധിപ്പിച്ചു. - സാംസ്കാരിക വകുപ്പ് |
| സുകുമാർ അഴീക്കോട് സ്മാരക നിർമ്മാണം ആരംഭിച്ചു. - സാംസ്കാരിക വകുപ്പ് |
| വാണിജ്യ നികുതി വകുപ്പ് പാലക്കാട് അഡീഷണൽ കോംപ്ളക്സ്- വാണിജ്യ നികുതി വകുപ്പ് |
| തൃശൂർ എക്സൈസ് അക്കാദമിയുടെ ആധുനികവൽക്കരണം -എക്സൈസ് വകുപ്പ് |
| നിളാ ടൂറിസം പദ്ധതിയുടെ മാസ്റ്റർ പ്ളാൻ തയ്യാറാക്കുന്നതിനുള്ള അനുമതി നൽകി- ടൂറിസം വകുപ്പ് |
| കോട്ടയം, പാലക്കാട്, പത്തനം തിട്ട, കണ്ണൂർ, മലപ്പുറം ജില്ലകളിൽ റവന്യൂ വകുപ്പിൽ നിന്നും ലഭിക്കുന്ന സർട്ടിഫിക്കറ്റുകൾ ഓൺലൈൻ മുഖാന്തിരം ലഭ്യമാക്കുന്ന പദ്ധതി- റവന്യൂ വകുപ്പ് |
| കയറുൽപ്പന്നങ്ങളിൽ നിന്നും അലങ്കാര വസ്തുക്കൾ നിർമ്മിക്കുന്ന പദ്ധതി- വ്യവസായ വകുപ്പ് |
| കേപ്പിൻെറ ആഭിമുഖ്യത്തിൽ തിരുവനന്തപുരം ജില്ലയിലെ മുട്ടത്തറയിൽ എഞ്ചിനീയറിംഗ് കോളേജിൻെറ കെട്ടിടനിർമ്മാണവുമായി ബന്ധപ്പെട്ട നടപടികൾ ആരംഭിച്ചു. - സഹകരണ വകുപ്പ് |
| കർഷകരെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള കർഷക സേവന കേന്ദ്രങ്ങൾ-കൃഷി വകുപ്പ്- കൃഷി വകുപ്പ് |
| രജിസ്ട്രേഷൻ വകുപ്പിൽ ഏകജാലക സംവിധാനം ആരംഭിച്ചു. - റജിസ്ട്രേഷൻ വകുപ്പ് |
| ഫുഡ് ക്വാളിറ്റി മോണിറ്ററിംഗ് ലാബിനും മെഗാ ഫുഡ് പാർക്കിനും ഭരണാനുമതിയും തുകയും അനുവദിച്ചു. -ഭക്ഷ്യ വകുപ്പ് |
| ജയിലുകളിലെ മഴവെള്ള സംഭരണികളുടെ നിർമ്മാണം, ബയോഗ്യാസ് പ്ളാൻറുകളുടെ നിർമ്മാണം - ജലവിഭവ വകുപ്പ് |
| എയ്ഡഡ് എഞ്ചിനീയറിംഗ് കോളേജിലെ കുട്ടികൾക്കുള്ള റിസർവ്വ് സ്കോളർഷിപ്പ് പദ്ധതി ആരംഭിച്ചു. - വിദ്യാഭ്യാസ വകുപ്പ് |

സെക്ഷൻ ഓഫീസർ